"ഭരണഭാഷ മാതൃഭാഷ"

നം എച്ച്2/21500/2018/ഡി.പി.ഐ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം, തീയതി 11.07.2018

പ്രേഷിതാവ്

പൊതുവിദ്യാഭ്യാസ ഡയറക്ടർ,
തിരുവനന്തപുരം.

സ്വീകർത്താവ്

എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും.
എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും.

സർ,

വിഷയം : പൊതുവിദ്യാഭ്യാസം - തസ്തികനിർണയം 2018-19 - വിദ്യാർത്ഥി-അധ്യാപക അനുപാതം 1:40 ആയി കുറച്ചതു സംബന്ധിച്ച്.

സൂചന : 1) 18.07.2017 ലെ സ.ഉ (എം.എസ്) നമ്പർ 80/2017/പൊ.വി.വ
2) 10.07.2018 ലെ സ.ഉ (സാധാ) നമ്പർ 2577/2018/പൊ.വി.വ
3) 20.06.1997 ലെ ജി.ഒ (പി) നമ്പർ 219/97/പൊ.വി.വ
4) 27.10.1997 ലെ ജി.ഒ (പി) നമ്പർ 423/97/പൊ.വി.വ
5) ഈ കാര്യാലയത്തിൽ നിന്നുള്ള 16.06.2018 ലെ ഇതേ നമ്പർ പരിപത്രം

സംസ്ഥാനത്തെ സർക്കാർ, എയ്ഡഡ് സ്കൂളുകളിലെ നിയമനാംഗീകാരമുള്ള അധ്യാപകർ തസ്തിക നഷ്ടമായി പുറത്താകുന്നത് ഒഴിവാക്കാനായി സൂചന (2) ലെ ഉത്തരവ് പ്രകാരം 9, 10 ക്ലാസുകളിൽ 2018-19 വർഷം വിദ്യാർത്ഥി-അധ്യാപക അനുപാതം 1:40 ആയി കുറച്ചത് അറിഞ്ഞിരിക്കുമല്ലോ. തസ്തികനിർണയ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കി മാതൃക കാട്ടിയ താങ്കൾ ഈ ഉത്തരവ് കൂടി അടിയന്തരമായി പ്രാവർത്തികമാക്കിയാൽ മാത്രമേ ഈ വർഷത്തെ തസ്തികനിർണയം പൂർണമായും ഫലപ്രാപ്തിയിലെത്തൂ. ഇതിനായി താഴെപറയുന്ന വിവരങ്ങൾ ശ്രദ്ധിക്കുക.

1. സൂചന (3) ലെ ഉത്തരവ് പ്രകാരം ആദ്യമായി 1997-98 വർഷത്തിലും, തുടർന്ന് ഓരോ വർഷവും പ്രത്യേക ഉത്തരവുകൾ വഴി 2010-11 വർഷം വരെയും എയ്ഡഡ് സ്കൂൾ അധ്യാപകർക്കുമാത്രം അനുവദിച്ചിരുന്ന 1:40 വിദ്യാർത്ഥി-അധ്യാപക അനുപാതത്തിന്റെ ആനുകൂല്യം ആദ്യമായാണ് കഴിഞ്ഞ വർഷം സൂചന (1) ലെ ഉത്തരവ് വഴി സർക്കാർ സ്കൂളുകളിലെ തസ്തിക നഷ്ടപ്പെടുന്ന അധ്യാപകർക്കുകൂടി അനുവദിച്ചത്. അത് സൂചന (2) ലെ ഉത്തരവ് പ്രകാരം ഈ വർഷവും അനുവദിച്ചിരിക്കുകയാണ്. ജില്ലയിലെ സർക്കാർ സ്കൂളുകളെ ഒരു യൂണിറ്റായി പരിഗണിച്ചാണ് 1:40 അനുപാതത്തിന്റെ ആനുകൂല്യം നൽകേണ്ടത് എന്നതിനാൽ സർക്കാർ സ്കൂളുകളുടെ കാര്യത്തിൽ 2018-19 വർഷം തസ്തിക നഷ്ടമായ അധ്യാപകരെ നിലനിർത്താൻ ജില്ലയിൽ ഒഴിവുകൾ ലഭ്യമല്ലെങ്കിൽ മാത്രമേ തസ്തിക നഷ്ടമായ സ്കൂളുകളിൽ 1:40 ആനുകൂല്യം നൽകി അധ്യാപകരെ നിലനിർത്തേണ്ടതുള്ളൂ. ജില്ലയിൽ ഒഴിവുകൾ ഉണ്ടായിരിക്കുകയും അതിൽ തസ്തിക

നഷ്ടമായവരെ ക്രമീകരിക്കാതെ, അവ ''ഒഴിവുകളായി''ത്തന്നെ കണ്ട് പി.എസ്.സി വഴിയും മറ്റും അതിൽ നിയമനം നടത്തുകയും, എന്നാൽ തസ്തിക നഷ്ടമായ അധ്യാപകർ പ്രസ്തുത തസ്തിക നഷ്ടമായ സ്കൂളുകളിലോ മറ്റ് സ്കൂളുകളിലോ 1:40 അനുപാതത്തിൽ തുടരുകയും ചെയ്യുന്ന അവസ്ഥ വന്നാൽ സർക്കാർ ഖജനാവിന് അത് കനത്ത നഷ്ടമുണ്ടാക്കും. മാത്രമല്ല, അത് സൂചന (2) ലെ ഉത്തരവിലെ നിർദേശങ്ങളുടെ ലംഘനവുമാകും. ആയതിനാൽ സർക്കാർ സ്കൂളുകളിൽ 1:40 ആനുകൂല്യം നൽകി തസ്തിക നിലനിർത്തേണ്ട സ്കൂളുകൾ ഏതെന്നും എത്ര/ഏതെല്ലാം തസ്തികകൾ ഇപ്രകാരം അനുവദിക്കണമെന്നും വിദ്യാഭ്യാസ ഉപഡയറക്ടർമാർ കണ്ടെത്തി. ബന്ധപ്പെട്ട ജില്ലാ വിദ്യാഭ്യാസ ഓഫീസറെക്കൊണ്ട് ആവശ്യമുള്ള സ്കൂളിന്റെ തസ്തികനിർണയ ഉത്തരവ് മാത്രം നവീകരിച്ചാൽ മതിയാകും.

2. സർക്കാർ സ്കൂളുകളിൽ 1:40 അനുപാതത്തിന്റെ ആനുകൂല്യം നൽകി നിലനിർത്തുന്ന അധ്യാപകരുടെ ലിസ്റ്റ് വിദ്യാഭ്യാസ ഉപഡയറക്ടർ കൃത്യമായി സൂക്ഷിക്കേണ്ടതും തുടർന്ന് ജില്ലയിൽ ആദ്യം വരുന്ന റഗുലർ ഒഴിവുകളിലേക്ക് അവരെ ക്രമീകരിക്കേണ്ടതുമാണ്. ഈ അധ്യാപകരെ പൂർണമായും റഗുലർ ഒഴിവുകളിലേക്ക് ക്രമീകരിച്ചതിനുശേഷം ഉണ്ടാകുന്ന ഒഴിവുകളിൽ മാത്രമേ പി.എസ്.സി വഴി (നിശ്ചിത ശതമാനം) നിയമനം നടത്താവൂ. 1:40 അനുപാതത്തിൽ തുടരുന്ന അധ്യാപകരുടെ ഒഴിവുകളിൽ സ്ഥിരമായോ താൽക്കാലികമായോ പകരം നിയമനം നടത്തരുത്. ഇക്കാര്യം സർക്കാർ സ്കൂൾ പ്രഥമാധ്യാപകരെയും പ്രത്യേകം അറിയിക്കണം.
3. 1:40 അനുപാതത്തിൽ ഡിവിഷൻ അനുവദിക്കേണ്ടത് താഴെപറയുന്ന ക്രമത്തിലായിരിക്കണം. (അവലംബം - സൂചന (4) ലെ ഉത്തരവ്)

| ഇഫക്ടീവ് സ്ട്രെങ്ത് | ഡിവിഷനുകളുടെ എണ്ണം |
|---|---|
| 45 വരെ | 1 |
| 46 മുതൽ 85 വരെ | 2 |
| 86 മുതൽ 125 വരെ | 3 |
| 126 മുതൽ 165 വരെ | 4 എന്ന ക്രമത്തിൽ |

4. 2018-19 വർഷം തസ്തിക നഷ്ടമായി പുറത്താകുന്ന നിയമനാംഗീകാരമുള്ള ഭാഷാധ്യാപകർ ഉൾപ്പെടെയുള്ള ഹൈസ്കൂൾ അസിസ്റ്റന്റുമാരെ 1:40 അനുപാതത്തിന്റെ ആനുകൂല്യം നൽകി നിലനിർത്താൻ കഴിയുമെങ്കിൽ അപ്രകാരം നിലനിർത്തുന്നതിനായി ബന്ധപ്പെട്ട എയ്ഡഡ് സ്കൂളുകളിലെ തസ്തികനിർണയ ഉത്തരവുകൾ അപ്പലേറ്റ് ഉത്തരവ് കൂടാതെ നവീകരിക്കുന്ന തിന് ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്ക് അനുമതി നൽകുന്നു. (മേൽ ഖണ്ഡിക 1 പ്രകാരം, ആവശ്യമുള്ള സർക്കാർ സ്കൂളുകളിലെ തസ്തികനിർണയം വിദ്യാഭ്യാസ ഉപഡയറക്ടറുടെ നിർദേശ പ്രകാരം പുതുക്കാവുന്നതാണ്.)
5. സൂചന (2) ലെ ഉത്തരവിലെ ഖണ്ഡിക 2 ൽ ''പുനർവിന്യസിക്കപ്പെട്ട സംരക്ഷിതാധ്യാപകരെ മാതൃസ്കൂളിലേക്ക് തിരികെ വിളിക്കുന്നതിനും 1:40 അനുപാതം ഉപയോഗിക്കാൻ'' സർക്കാർ അനുമതി നൽകിയിട്ടുള്ളതിനാൽ ക്ലസ്റ്റർ കോ-ഓർഡിനേറ്റർമാർ ഉൾപ്പെടെ പുനർവിന്യസിക്ക

പ്പെട്ടിട്ടുള്ള ഏതു സംരക്ഷിത ജീവനക്കാരനെയും 1:40 അനുപാതത്തിൽ തസ്തിക ലഭ്യമാകുമെങ്കിൽ മാതൃവിദ്യാലയത്തിലേക്ക് തിരികെ വിളിക്കാവുന്നതാണ്.

6. ഇപ്രകാരം 1:40 അനുപാതത്തിൽ തസ്തിക അനുവദിച്ച് അധ്യാപകരെ നിലനിർത്തുമ്പോൾ സൂചന (2) ലെ ഉത്തരവിലെ നിബന്ധനകൾ കർശനമായും പാലിക്കേണ്ടതാണ്. സംരക്ഷണത്തിന് അർഹതയുള്ള അധ്യാപകർക്കു മാത്രമല്ല, നിയമനാംഗീകാരമുള്ള ഹൈസ്കൂൾ അധ്യാപകർക്കെല്ലാം തസ്തിക നഷ്ടമായാൽ 1:40 അനുപാതത്തിന്റെ ആനുകൂല്യത്തിന് അർഹതയുണ്ടെന്ന കാര്യം പ്രത്യേകം ശ്രദ്ധിക്കുക.

7. ഒന്നിലധികം സ്കൂളുകളുള്ള വ്യക്തിപരവും കോർപ്പറേറ്റും ആയ മാനേജുമെന്റുകളിലെ സ്കൂളുകളിൽ നിന്ന് തസ്തിക നഷ്ടമാകുന്ന അധ്യാപകരെ മാനേജുമെന്റിലെ മറ്റു സ്കൂളുകളിലെ ഒഴിവുകളിൽ ക്രമീകരിക്കേണ്ടതാണ്. ഇപ്രകാരം ക്രമീകരിച്ചതിനുശേഷവും നിയമനാംഗീകാരമുള്ള അധ്യാപകർ പുറത്താകുന്നുണ്ടെങ്കിൽ ആയതു സംബന്ധിച്ച് മാനേജർ സത്യപ്രസ്താവന ***(തസ്തിക നഷ്ടമായ, നിയമനാംഗീകാരമുള്ള അധ്യാപകനെ നിലനിർത്താൻ മാനേജുമെന്റിലെ മറ്റു സ്കൂളുകളിൽ ഒഴിവുകളൊന്നും ലഭ്യമല്ലെന്നും, പ്രസ്തുത കാറ്റഗറിയിൽ തസ്തിക നഷ്ടമായ അധ്യാപകനേക്കാൾ ജൂനിയറോ നിയമനാംഗീകാരമില്ലാത്തതോ ആയ ആരുംതന്നെ മാനേജുമെന്റിലെ മറ്റു സ്കൂളുകളിൽ തുടരുന്നില്ലെന്നും, 1:40 അനുപാതത്തിൽ നിലനിർത്തുന്ന അധ്യാപകനെ തുടർന്നു വരുന്ന ആദ്യത്തെ റഗുലർ ഒഴിവിൽതന്നെ ക്രമീകരിക്കുമെന്നും പ്രസ്താവിച്ചുകൊണ്ടുള്ള സത്യവാങ്മൂലം)*** സമർപ്പിക്കുമ്പോൾ മാനേജുമെന്റിലെ സ്കൂളുകൾ ഒരു വിദ്യാഭ്യാസ ജില്ലയിൽ മാത്രമാണെങ്കിൽ പ്രസ്തുത ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് 1:40 ആനുകൂല്യത്തിന്റെ സാധ്യത പരിശോധിച്ച് അത് അനുവദിക്കാവുന്നതാണ്. സ്കൂളുകളെല്ലാം ഒരു റവന്യൂ ജില്ലയിലാണെങ്കിൽ വിദ്യാഭ്യാസ ഉപഡയറക്ടറുടെ അനുമതിയോടെ ബന്ധപ്പെട്ട ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് തസ്തികനിർണയം പരിഷ്കരിക്കാവുന്നതാണ്. ഒന്നിലധികം റവന്യൂ ജില്ലകളിൽ സ്കൂളുകളുള്ള മാനേജുമെന്റുകൾ സത്യപ്രസ്താവനയും അപേക്ഷയും പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് സമർപ്പിക്കേണ്ടതും ഡയറക്ടറുടെ അനുമതിയോടെ ബന്ധപ്പെട്ട ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് തസ്തിക നിർണയം പരിഷ്കരിക്കാവുന്നതുമാണ്. മാനേജർ വിദ്യാഭ്യാസ ഓഫീസർമാർക്ക്/ഡയറക്ടർക്ക് നൽകുന്ന അപേക്ഷയോടൊപ്പം മാനേജുമെന്റിലെ സ്കൂളുകളിൽ നിലവിൽ നിയമനാംഗീകാരമില്ലാതെ തുടരുന്ന അധ്യാപകരുടെ ലിസ്റ്റ് കൂടി ഉള്ളടക്കം ചെയ്യേണ്ടതാണ്. (ജൂലൈ 18 നു മുമ്പ് മാനേജർമാർ ടി അപേക്ഷകൾ ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാർക്ക് സമർപ്പിക്കേണ്ടതാണ്.)

8) തസ്തിക നഷ്ടമായ എയ്ഡഡ് ഹൈസ്കൂളുകളിലെ തസ്തികനിർണയ ഉത്തരവുകൾ പുനഃപരിശോധിച്ച് 1:40 അനുപാതത്തിന്റെ ആനുകൂല്യത്തിന് അർഹതയുണ്ടെങ്കിൽ അതനുവദിച്ച് തസ്തിക നിലനിർത്തി 2018-19 വർഷത്തെ തസ്തിക നിർണയ ഉത്തരവ് പരിഷ്കരിക്കുന്നത് അടിയന്തരമായി പൂർത്തിയാക്കേണ്ടതുണ്ട്. ഇതിനായി താഴെപറയുന്ന സമയക്രമം നിർബന്ധമായും പാലിക്കണം.

| | |
|---|---|
| ജൂലൈ 11 മുതൽ 16 വരെ (ഡി.ഇ.ഒ തലം) | • ബന്ധപ്പെട്ട തസ്തികനിർണയ ഫയലുകൾ പരിശോധിച്ച് ആവശ്യമായ പരിഷ്കാരം വരുത്തി നവീകരിച്ച ഉത്തരവ് പ്രസിദ്ധീകരിക്കുന്നു.<br>• ഉത്തരവിന്റെ അനുബന്ധത്തിൽ 1:40 അനുപാതത്തിൽ നിലനിർത്തിയ അധ്യാപകരുടെ വിശദവിവരങ്ങൾ നൽകേണ്ടതാണ്. |
| ജൂലൈ 17 മുതൽ 18 വരെ (18 ന് വൈകിട്ട് 5 മണി വരെ) (ഡി.ഇ.ഒ. തലം) | • 1:40 അനുപാതത്തിൽ നിലനിർത്തുന്ന അധ്യാപകരുടെ വിവരങ്ങൾ അധ്യാപക ബാങ്കിൽ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിൽ അവരെ ബാങ്കിൽ നിന്ന് ഒഴിവാക്കുന്നു. (സൈറ്റിൽ നിന്ന് അധ്യാപക ബാങ്ക് 18.06.2017 ന് വൈകീട്ട് മാത്രമേ പിൻവലിക്കൂ.) |
| ജൂലൈ 18 രാവിലെ 10.30 മണി (ഡി.ഇ.ഒ. തലം) | • 1:40 അനുപാതത്തിൽ നിലനിർത്തിയ അധ്യാപകരുടെ പേരുവിവരങ്ങളും കാറ്റഗറി തിരിച്ച എണ്ണവും ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ വിദ്യാഭ്യാസ ഉപഡയറക്ടർ മാർക്ക് നൽകുന്നു. |
| ജൂലൈ 18 വൈകീട്ട് 3 മണി (ഡി.ഡി.ഇ തലം) | • ഇവരിൽ മുൻവർഷങ്ങളിൽ പുനർവിന്യസിക്കപ്പെട്ടിട്ടുള്ളവരുടെ പുനർവിന്യാസം റദ്ദാക്കി അവരെ മാതൃവിദ്യാലയത്തിലേക്ക് തിരിച്ചയച്ചുകൊണ്ട് വിദ്യാഭ്യാസ ഉപഡയറക്ടർമാർ ഉത്തരവ് പ്രസിദ്ധീകരിക്കുന്നു.<br>• ജില്ലയിലെ എയ്ഡഡ് സ്കൂളുകളിൽ ഈ വർഷം 1:40 അനുപാതത്തിൽ നിലനിർത്തിയവരുടെയും, മാതൃ വിദ്യാലയത്തിലേക്ക് തിരികെ വിളിക്കപ്പെട്ടവരുടെയും കാറ്റഗറി തിരിച്ചുള്ള എണ്ണം പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് അയക്കുന്നു. (hsectiondpi@gmail.com) |

**ജൂലൈ 18 വൈകീട്ട് 3 മണിയാകുമ്പോഴേക്കും 1:40 അനുപാതത്തിന്റെ ആനുകൂല്യം അനുവദിക്കുന്നതു സംബന്ധിച്ച മുഴുവൻ പ്രവർത്തനങ്ങളും അവസാനിച്ചിരിക്കണം. തസ്തികനിർണയ പ്രവർത്തനങ്ങൾ വിജയകരമായി പൂർത്തിയാക്കാൻ സ്വീകരിച്ച ആസൂത്രണ, മോണിറ്ററിംഗ് മികവ് വിദ്യാഭ്യാസ ഉപഡയറക്ടർമാർ ഇക്കാര്യത്തിലും പുലർത്തേണ്ടതാണ്.**

നിയമനാംഗീകാരമില്ലാത്ത ആരെയും 1:40 ആനുകൂല്യം നൽകി നിലനിർത്തുകയോ പ്രസ്തുത റേഷ്യോയിൽ അധിക തസ്തികകൾ അനുവദിച്ച് പുതിയ നിയമനാംഗീകാരങ്ങൾക്ക് ഇടവരുത്തുകയോ ചെയ്യരുതെന്ന കാര്യം പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

**ഈ വർഷം തസ്തിക നഷ്ടമായ അധ്യാപകരിൽ സംരക്ഷണത്തിന് അർഹതയുള്ളവരെ മുഴുവൻ പുനർവിന്യസിക്കാൻ തയ്യാറെടുപ്പ് നടത്തിയിരുന്നു. തസ്തിക നഷ്ടമായ അധ്യാപകരിൽ 1:40 പ്രകാരം മാതൃവിദ്യാലയത്തിൽ തസ്തിക ലഭ്യമാകുമെന്ന് പ്രാഥമിക**

**പരിശോധനയിൽ ബോധ്യമായാൽ അവരോട് സ്കൂളിൽ തുടരാൻ വാക്കാൽ നിർദേശിക്കുക. ജൂലൈ 14 നകം ഇത്തരം നിർദേശങ്ങൾ നൽകാൻ പ്രത്യേകം ശ്രദ്ധിക്കുമല്ലോ.**

2018-19 തസ്തികനിർണയ പ്രവർത്തനങ്ങൾ വിജയിപ്പിക്കാൻ കാട്ടിയ കർമോത്സുകത, 1:40 ആനുകൂല്യം നൽകി അധ്യാപകരെ നിലനിർത്തുന്ന കാര്യത്തിലും കാട്ടണമെന്നും സമയബന്ധിതമായിത്തന്നെ അതും പൂർത്തിയാക്കണമെന്നും അറിയിച്ചുകൊണ്ട്

വിശ്വസ്തതയോടെ

**ജെസ്സി ജോസഫ്**
**പൊതുവിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ (ജനറൽ)**
**പൊതുവിദ്യാഭ്യാസ ഡയറക്ടർക്കു വേണ്ടി**